**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1306** **11-09-2023 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി-കണിയാരം-ആറാട്ട്തറ റിംഗ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിലെ കിഫ്ബി ധനസഹായത്താൽ നിർമ്മിക്കുന്ന കണിയാരം-ആറാട്ട്തറ റിംഗ് റോഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | പ്രസ്തുത പ്രവൃത്തിക്കായി 05/08/2020 ൽ കിഫ്ബിയിൽ നിന്നും 20.90 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് ഡിസൈൻ വിംങ് തയ്യാറാക്കിയ സാധ്യതാ റിപ്പോർട്ട് പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) 17/07/2023 ൽ ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ പ്രസ്തുത റോഡ് കടന്നുപോകാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമാണെന്നും എത്ര കിലോമീറ്റർ ദൂരമാണ് ഈ റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | നിലവിലെ അലൈൻമെന്റ് പ്രകാരം പാലക്കുളി ജംഗ്ഷൻ ചെറുപുഴ -ചൂട്ടക്കടവ് - അഗ്രഹാരം പാണ്ടിക്കടവ് ജംഗ്ഷൻ എന്ന രീതിയിലാണ് റോഡ് കടന്നു പോകുന്നത്.<br><br>പാലക്കുളി ജംഗ്ഷൻ മുതൽ ചെറുപുഴ ജംഗ്ഷൻ വരെ 1/400 കി.മീ<br><br>ചൂട്ടക്കടവ് ജംഗ്ഷൻ മുതൽ പാണ്ടിക്കടവ് ജംഗ്ഷൻ വരെ 1/525 കി.മീ |
| (സി) | പ്രസ്തുത പ്രവൃത്തിയിൽ വരുന്ന ചൂട്ടക്കടവ്-അഗ്രഹാരം പാലം നിർമ്മാണത്തിൽ എന്തെങ്കിലും നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | അലൈൻമെന്റിൽ ഉൾപ്പെട്ടിട്ടുള്ള ചൂട്ടക്കടവ് -അഗ്രഹാരം പാലത്തിന്റെ ഡിസൈൻ ലഭ്യമാക്കുന്നതിനായി സാധ്യത പഠനം റിപ്പോർട്ട് പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) 17/07/2023 ൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇത് ഡി.പി.ആർ ൽ ഉൾപ്പെടുത്തി സാമ്പത്തിക അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ